# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 925** **14/06/2012 ൽ മറുപടിക്ക്**

## ''സ്നേഹസ്പർശം പദ്ധതി''

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. എ വാഹീദ് :<br>'' ഡൊമിനിക് പ്രസന്റേഷൻ :<br>'' വി. റ്റി. ബൽറാം:<br>'' കെ. ശിവദാസൻ നായർ: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ''സ്നേഹസ്പർശം പദ്ധതി'' യുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; പദ്ധതിയുടെ പ്രവർത്തന രീതി വിശദമാക്കുമോ; | എ) | വിദ്യാർത്ഥികളുടെ പഠന ധാർമിക നിലവാരം ഉയർത്തുന്നതിനു ലക്ഷ്യമിട്ട് ആരംഭിച്ച 'സ്നേഹ സ്പർശം' എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. കുട്ടികളിൽ മലയാള ഭാഷയിൽ കത്തെഴുത്തും വായനയും സ്നേഹ മുദ്രയായിരുന്ന ഒരു മുൻകാലഘട്ടത്തെ പുനരുജ്ജീവിപ്പിക്കുവാനും മലയാള ഭാഷയിലെ എഴുത്തുപയോഗം വർദ്ധിപ്പിക്കുവാനും സ്നേഹ സ്പർശം പദ്ധതി ലക്ഷ്യമിടുന്നു. ഓരോ മാസവും പ്രത്യേക വിഷയങ്ങളെ ആസ്പദമാക്കിയ കത്തുകൾ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി പി.ടി.ഐ പ്രസിഡന്റ്മാർക്കു അയക്കും. ഇതിനുള്ള മറുപടി പി.ടി.എ ഭാരവാഹികൾക്കും രക്ഷകർത്താക്കൾക്കും എഴുതാവുന്നതാണ്. കത്തുകൾ പരിശോധിക്കാനും മറുപടി അയക്കാനും ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ പ്രത്യേക ഡസ്ക് പ്രവർത്തിക്കുന്നു. ബഹു. മന്ത്രിയുടെ കത്തുകൾ ഡൗൺലോഡ് ചെയ്ത് ഹെഡ്മാസ്റ്റർമാർ പി.ടി.എ. പ്രസിഡന്റ്മാർക്ക് നൽകും. |
| ബി) പ്രസ്തുത പദ്ധതിയിൽ ജനകീയ പങ്കാളിത്തവും പൊതുജനങ്ങൾക്കുള്ള വിദ്യാഭ്യാസ സമീപനവും അറിയുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | ബി) | വിദ്യാർത്ഥികളുടെ ഭാവിയെക്കുറിച്ചുള്ള രക്ഷകർത്താക്കൾക്കുള്ള ആശങ്ക പരിഹരിക്കണം എന്ന ഉദ്ദേശം സ്നേഹസ്പർശത്തിനുണ്ട്. ബഹു. മന്ത്രിയിൽ നിന്നും ലഭിക്കുന്ന കത്തിന്റെ വിശദാംശം പി.ടി.എ |

(......2)

യോഗത്തിലും സ്കൂൾ അസംബ്ലി യിലും വായിക്കുന്നു. രക്ഷകർത്താക്കളുമായി സംവദിച്ച് ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും ഈ ജനകീയ പദ്ധതി ലക്ഷ്യമിടുന്നു. പൊതുജനങ്ങളുടെ യഥാർത്ഥ വിദ്യാഭ്യാസ സമീപനം അറിയുന്നതിനും അതനുസരിച്ച് ആവശ്യമായ നിലപാട് എടുക്കാനും ഇതിലൂടെ സർക്കാരിനു കഴിയും.

സെക്ഷൻ ഓഫീസർ